പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.റ്റി.1453

21.03.2012-ൽ മറുപടിയ്ക്ക്

## 'ഇന്ദിര' ഭവനപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പാവപ്പെട്ടവർക്കായി നടപ്പിലാക്കുന്ന കേന്ദ്രസർക്കാർ പദ്ധതിയായ 'ഇന്ദിര' ഭവന പദ്ധതിയുടെപുതുക്കിയമാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ? | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ധനസഹായ തുക യഥാക്രമം 1,00,000/- രൂപയിൽ നിന്നും 2,00,000/- രൂപയായും 1,25,000/- രൂപയിൽ നിന്നും 2,50,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 15-09-2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദനീയമായ പരമാവധി ധനസഹായ തുകയായ 48,500/-(കേന്ദ്ര വിഹിതം 36,375/- രൂപ + സംസ്ഥാന വിഹിതം 12,125/- രൂപ) എന്നതിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ജനറൽ വിഭാഗത്തിന് നൽകുന്ന ധനസഹായ തുകയായ 75,000/- രൂപയായിരുന്നത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 15-09-2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. അനുവദനീയമായ പരമാവധി ധനസഹായമായ 48,500/- രൂപയ്ക്ക് ഉപരിയായി ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന അധിക സഹായം ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ പദ്ധതി വിഹിതത്തിൽ വകയിരുത്തിയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ.